*ജൈവനദീതീരങ്ങളിൽ*
*ഡിജിറ്റൽഗ്രാമങ്ങൾ തീർത്ത്*
*അവിടെ നാം ഇളവേൽക്കുന്നു...*



# ബത്തേരിക്കടുത്ത് മലങ്കരയിൽ

ബത്തേരിക്കടുത്ത് മലങ്കരയിൽ
സുഹൃത്തിൻ വാടകവീടിൻ വരാന്തയിലിരുന്ന്
കാണുന്നൂ ദൂരെ നെൽപ്പാടം.

കണ്ണു നിറഞ്ഞു.

ഞാറ്റടിപ്പച്ച
ചാറ്റൽമഴ ചേറിൻചൂര്
പോത്തു പൂട്ടും കുറുമർ,
കാക്കകൾ കൊക്കുകൾ,

കവിയുണർന്നു

മനയോല തേച്ചു മുഖം കാട്ടി
ചുട്ടിക്കു മലർന്നുകിടക്കയല്ലേ
മലനാട്ടുമണ്ണ്!

ക്യാമറ തുടരെ ക്ലിക്കി
(പൊൻതൂലിക വിറ്റു കിടിലൻ-
ഫോണൊന്നു വാങ്ങിച്ചു ഞാൻ)
ഞൊടിയിൽ
പടം അപ്‌ലോഡ് ചെയ്തു.

വന്നൂ കമന്റുകൾ
തിരുതകൃതിയായ് ചാറ്റൽ.

ഹാ! വയനാട്
ഇല്ല പോയിട്ടില്ല പച്ചകൾ
തൂങ്ങിയിട്ടില്ല കർഷകർ
ഉണ്ട് ചിലതെങ്കിലും ബാക്കി
ഈ ചിത്രം സാക്ഷി

മാഷേ,
നമുക്കെന്തെങ്കിലും ചെയ്യണം
നാളേക്ക് ഒരു തുണ്ടു പച്ചപ്പെങ്കിലും നിർത്തണം
ഈ പടമെടുക്കാനിരുന്ന വീടും കുടിയിരിപ്പും
എത്ര സെന്റു വരും?

നാട്ടിൽ വരുമ്പോൾ
ഇങ്ങനെ നെൽപ്പാടം നോക്കി
എല്ലാം മറന്ന്
വരാന്തയിൽ ചാരിയിരിക്കണം
മാഷ് ചോദിക്കൂ,
എത്ര കൊടുക്കണം?

ഇപ്പോൾ ഞാൻ അനേകരാണ്
ഈ മലങ്കര
ഏഴു വൻകരയുമാണ്.
ഈ വരാന്ത
ജിദ്ദയിലോ ഷാർജയിലോ
സിംഗപ്പൂരിലോ ന്യൂയോർക്കിലോ

ഇതാ,
ഈ ലോകത്തിന്റെ അവതാരമൂർത്തി ചോദിക്കുന്നു

പറയൂ
മലകളേ മരങ്ങളേ
കുറുമരേ കുറിച്യരേ
നിങ്ങൾ ആകെ എത്ര ജീബി?

**കാറ്റേ കടലേ**
**(പി. പി. രാമചന്ദ്രൻ)**

“ഇപ്പോൾ ഞാൻ അനേകരാണ്
ഈ മലങ്കര
ഏഴു വൻകരയുമാണ് ”

- വരികളുടെ **അർഥതലങ്ങൾ വിശദീകരിക്കുക.**

“ക്യാമറ തുടരെ ക്ലിക്കി
(പൊൻതൂലിക വിറ്റു കിടിലൻ-
ഫോണൊന്നു വാങ്ങിച്ചു ഞാൻ)
ഞൊടിയിൽ
പടം അപ്‌ലോഡ് ചെയ്തു.

വന്നൂ കമന്റുകൾ
തിരുതകൃതിയായ് ചാറ്റൽ.”

സുസ്ഥിരവികസന കാഴ്ചപ്പാടുകളോട് മുഖം തിരിച്ചുനിൽക്കുന്ന സമൂഹത്തിന്റെ മനോഭാവത്തെ പരിഹസിക്കുകയല്ലേ കവി ചെയ്യുന്നത്? **വിമർശനാത്മകമായി വിലയിരുത്തുക.**

“മനയോല തേച്ചു മുഖം കാട്ടി
ചുട്ടിക്കു മലർന്നുകിടക്കയല്ലേ
മലനാട്ടുമണ്ണ്! ”

- കേരളത്തിന്റെ ഭൂപ്രകൃതിയെയും സംസ്കാരത്തെയും സമന്വയിപ്പിച്ചത് എത്രമാത്രം ആകർഷകമായിട്ടുണ്ട് ? വരികൾ **വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.**

“നമുക്കെന്തെങ്കിലും ചെയ്യണം
നാളേക്ക് ഒരു തുണ്ടു പച്ചപ്പെങ്കിലും നിർത്തണം
ഈ പടമെടുക്കാനിരുന്ന വീടും കുടിയിരിപ്പും
എത്ര സെന്റു വരും?”

ഇത്തരം നിലപാടുകൾ പരിസ്ഥിതിസംരക്ഷണത്തിന് സഹായകമാകുമോ? **കാഴ്ചപ്പാടുകൾ അവതരിപ്പിക്കുക.**

പരിസ്ഥിതിസ്നേഹം പ്രകടനപരതയായി മാറുന്നതിനോടുള്ള പ്രതിഷേധം ഏതെല്ലാം തലങ്ങളിലാണ് കവിതയിൽ ആവിഷ്കരിക്കുന്നത്? വിശകലനം ചെയ്ത് **ആസ്വാദനം തയ്യാറാക്കുക.**